## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2099 | 06.02.2019 ൽ മറുപടിക്ക്

### കൊങ്ങാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ജില്ലാ ആശുപത്രികൾ, പി.എച്ച്.സി, സി.എച്ച്.സി എന്നിവയിൽ വന്നിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദവിവരം നൽകുമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ 170 ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ തസ്തികകളും ഇവയിൽ രോഗികൾ കൂടുതലുള്ള 150 കേന്ദ്രങ്ങളിൽ ഒരു ഫാർമസിസ്റ്റിന്റെയും തസ്തിക ഇതിനോടകം സൃഷ്ടിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട ഒ.പി.രജിസ്ട്രേഷൻ സൗകര്യങ്ങൾ രോഗികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, സ്വകാര്യതയോടു കൂടിയ കൺസൾട്ടേഷൻ മുറികൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്ലെറ്റ് സൗകര്യം, ശ്വാസ ചികിത്സയ്ക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, വിഷാദ രോഗത്തിനുള്ള ആശ്വാസ് ക്ലിനിക്ക്, മൂന്നു ഡോക്ടർമാരുടെ സേവനം, നഴ്സസ് പ്രീചെക്കും കൗൺസിലിംഗും എന്നിവ ഒരുക്കിയിട്ടുണ്ട്. ഇതു കൂടാതെ ഈ സ്ഥാപനങ്ങളിൽ ഒ.പി.സേവനങ്ങളും ലബോറട്ടറി സൗകര്യങ്ങളും വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ചിട്ടുണ്ട്.<br><br>ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി.വിഭാഗം നവീകരണം, ഓൺലൈൻ ബുക്കിംഗ് സംവിധാനം, അടിസ്ഥാന സൗകര്യ വികസനം, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കുക എന്നതൊക്കെയാണ് ജില്ലാ ആശുപത്രികളിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന മാറ്റങ്ങൾ. |
| (ബി) | കൊങ്ങാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; വിശദവിവരം നൽകുമോ? | (ബി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊങ്ങാട് മണ്ഡലത്തിലെ കല്ലടിക്കോട്. മങ്കര എന്നീ പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു |

| | | | |
|---|---|---|---|
| | | | ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ടി കേന്ദ്രങ്ങളിൽ വിഷാദ രോഗത്തിനായി ആശ്വാസ് ക്ലിനിക്, ശ്വാസകോശ രോഗങ്ങൾക്ക് ശ്വാസ് ക്ലിനിക്കുകൾ, നേഴ്സസ് പ്രീ ചെക്കിംഗ്, ലാബ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടങ്ങളിൽ ആരോഗ്യ സേനയും രൂപീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ ഈ സ്ഥാപനങ്ങളിലെ ഒ.പി.സമയം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ചിട്ടുണ്ട്.<br><br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ, കാരാകുറിശ്ശി, കേരളശ്ശേരി, മണ്ണൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും പറളി സാമൂഹികാരോഗ്യ കേന്ദ്രത്തെയും കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി കാഞ്ഞിരപ്പുഴ, മണ്ണൂർ എന്നീ പി.എച്ച്.സി.കൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും പതിനാല് ലക്ഷം രൂപ വീതവും കാരാക്കുറിശ്ശി, കേരളശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും പറളി സാമൂഹികാരോഗ്യ കേന്ദ്രത്തിനും എൻ.എച്ച്.എം.ഫണ്ടിൽ നിന്നും 15.50 ലക്ഷം രൂപ വീതം അനുവദിച്ച് ഇതിന്റെ തുടർ പ്രവർത്തനങ്ങൾ എൻ.എച്ച്.എം.മുഖേന നടത്തി വരുന്നു. 2018-19-ൽ തെരെഞ്ഞെടുക്കപ്പെട്ട മുഴുവൻ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ലാബ് സൗകര്യം ഒരുക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 7 കോടി രൂപ അനുവദിച്ച് ഇതിന്റെ പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ. വഴി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ